SUNDAY ഞായറാഴ്ച

# FIB FARM NEWS

## എഫ് ഐ ബി കാർഷിക വാർത്തകൾ



## FARM INFORMATION BUREAU


AGRICULTURE DEVELOPMENT AND FARMER'S WELFARE DEPARTMENT

GOVERNMENT OF KERALA

Chief Editor : Suraj S.          Editor : Dr. Saritha Vijayan K.

Farm Information Bureau, Kowdiar, Thiruvananthapuram -695003

Web site : fibkerala.gov.in, E-mail : piofibtvm@gmail.com, fibnewstvm@gmail.com

Telephone : 0471 - 2318186,2317314

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT
**FARM INFORMATION BUREAU**
Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

# എഫ് ഐ ബി കാർഷികവാർത്തകൾ (FIB FARM NEWS)-11/09/2022.

1. തിരുവനന്തപുരം ആനയറയിൽ പ്രവർത്തിക്കുന്ന കൃഷി ബിസിനസ് കേന്ദ്രയിൽ മല്ലി, കാബേജ്, കോളിഫ്ളവർ, മുളക്, പയർ തുടങ്ങിയ പച്ചക്കറി തൈകളും ഗംഗാബോണ്ടം തെങ്ങിൻ തൈകൾ തൈ ഒന്നിന് 200 രൂപയ്ക്കും, കുറ്റ്യാടി തെങ്ങിൻ തൈകൾ തൈ ഒന്നിന് 100 രൂപയ്ക്കും വിൽപ്പനയ്ക്ക് ലഭ്യമാണ്. കൂടാതെ ചുവപ്പ് നിറത്തിലുള്ള ഡ്രാഗൺഫ്രൂട്ട് തൈകൾ തൈ ഒന്നിന് 100 രൂപ നിരക്കിലും ലഭ്യമാണ്.

2. പേവിഷബാധ മുക്ത കേരള പദ്ധതിയുടെ ഭാഗമായി മൃഗസംരക്ഷണ വകുപ്പ് മുഖേന ജില്ലയിലെ മൃഗാശുപത്രികളിലൂടെ നായ്ക്കുട്ടികൾക്കും പൂച്ചകൾക്കും സൗജന്യ നിരക്കിൽ പേവിഷബാധയ്ക്കെതിരെ വാക്സിനേഷൻ നടത്തുന്നു. ഇങ്ങനെ വാക്സിനേഷൻ നൽകിയ ഓമന മൃഗങ്ങളുടെ ഉടമസ്ഥർ അതാത് പഞ്ചായത്ത് ഓഫീസുമായി ബന്ധപ്പെട്ട് അവയെ വളർത്തുന്നതിനുള്ള ലൈസൻസ് എടുത്ത് റാബീസ് ഫ്രീ കേരള പദ്ധതിയുടെ ഭാഗമാകണമെന്ന് തിരുവനന്തപുരം ജില്ലാ മൃഗസംരക്ഷണ ഓഫീസർ അറിയിച്ചു.

3. തിരുവനന്തപുരം കുടപ്പനക്കുന്ന് ജില്ലാ കന്നുകാലി വളർത്തൽ കേന്ദ്രത്തിലെ ചോപ്പിംഗ് മെഷീൻ സെപ്റ്റംബർ 15-ന് രാവിലെ 11 മണിക്ക് ഫാം പരിസരത്ത് വെച്ച് ലേലം ചെയ്ത് വിൽക്കുന്നു. ലേലത്തിൽ പങ്കെടുക്കുവാൻ ആഗ്രഹിക്കുന്നവർ ലേല സമയത്തിനു മുമ്പായി 1000 രൂപ നിരതദ്രവ്യമായി ഓഫീസിൽ അടച്ച് പേര് രജിസ്റ്റർ ചെയ്യേണ്ടതാണ്. കൂടുതൽ വിവരങ്ങൾക്ക് **0471-2732962** എന്ന ഫോൺ നമ്പരിൽ ബന്ധപ്പെടുക.

4. മൃഗസംരക്ഷണ വകുപ്പ് കന്നുകുട്ടി പരിപാലന പദ്ധതിയിലെ ഗോവർദ്ധിനി പദ്ധതി 2022-23 പ്രകാരം തിരുവനന്തപുരം ജില്ലയിലെ മൃഗാശുപത്രികൾ വഴി നാലിനും ആറു മാസത്തിനുമിടയിൽ പ്രായമുള്ള 3000 പശുകുട്ടികളെ കന്നുകുട്ടി പാരിപാലന പദ്ധതിയിൽ ചേർക്കുന്നു. ഈ പദ്ധതിയിൽ അംഗമാകുന്ന പശുകുട്ടികൾക്ക് 12500 രൂപയുടെ തീറ്റ സബ്സിഡി 24 മാസമായി വിവിധ പാൽസൊസൈറ്റികൾ വഴി ലഭിക്കുന്നതാണ്. കൂടുതൽ വിവരങ്ങൾക്ക് അടുത്തുള്ള മൃഗാശുപത്രിയുമായി ബന്ധപ്പെടുക.

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

5. പെരിങ്ങമ്മല ജില്ലാ കൃഷിത്തോട്ടത്തിൽ മാവ്, പ്ലാവ്, സപ്പോട്ട, റമ്പൂട്ടാൻ എന്നിവയുടെ ഡ്രാഫ്റ്റ് തൈകൾ, പച്ചക്കറി വിത്തുകൾ, പച്ചമാങ്ങ, വാഴപ്പിണ്ടി, പാഷൻ ഫ്രൂട്ട് സ്ക്വാഷ് എന്നിവയും, അലങ്കാര ചെടികൾ, തെങ്ങിൻ തൈകൾ, മംഗള ഇനത്തിൽപ്പെട്ട നാടൻ അടയ്ക്കാതൈകൾ എന്നിവയും വിൽപനയ്ക്ക് ലഭ്യമാണ്. കൂടുതൽ വിവരങ്ങൾക്ക് **9400086566** എന്ന ഫോൺ നമ്പരിൽ ബന്ധപ്പെടുക.

**പരിശീലന പരിപാടികൾ**

6. കേരള കാർഷിക സർവകലാശാല, സെൻട്രൽ ട്രെയിനിംഗ് ഇൻസ്റ്റിറ്റ്യൂട്ടിൽ സെപ്റ്റംബർ 14 മുതൽ 17 വരെ **മട്ടുപ്പാവ് കൃഷി**യിൽ നാല് ദിവസത്തെ പരിശീലനം സംഘടിപ്പിക്കുന്നു. രജിസ്ട്രേഷൻ ഫീസ് 2000 രൂപ. ആദ്യം രജിസ്റ്റർ ചെയ്യുന്ന 25 പേർക്കാണ് അവസരം ലഭിക്കുക. കൂടുതൽ വിവരങ്ങൾക്കും രജിസ്ട്രേഷനുമായി **0487 2371104** എന്ന ഫോൺ നമ്പരിൽ ബന്ധപ്പെടുക.

7. കാർഷിക സർവ്വകലാശാലയിലെ ഹൈടെക്ക് റിസർച്ച് ആന്റ് ട്രെയിനിംഗ് യൂണിറ്റിൽ **ഹൈഡ്രോപോണിക്സ്** കൃഷിരീതിയിൽ സെപ്റ്റംബർ 22 മുതൽ 24 വരെയുള്ള തീയതികളിൽ 3 ദിവസത്തെ പരിശീലനം സംഘടിപ്പിച്ചിരിക്കുന്നു. താൽപര്യമുള്ളവർ **0487 2960079, 9961533547, 9037033547** എന്നീ ഫോൺ നമ്പരുകളിൽ ബന്ധപ്പെട്ട് പേര് രജിസ്റ്റർ ചെയ്യേണ്ടതാണ്.

8. **കൊല്ലം ജില്ലയിലെ അഗ്രോമെറ്റ് യൂണിറ്റ് നൽകുന്ന കാർഷിക നിർദ്ദേശങ്ങൾ**

കൊമ്പൻ ചെല്ലിയുടെ ആക്രമണം നേരിടുന്ന തെങ്ങുകളിൽ മഴക്കാലത്ത് കൂമ്പു ചീയൽ രോഗം ഉണ്ടാകാനുള്ള സാധ്യത കൂടുതലായതിനാൽ കൂമ്പു ചീയൽ രോഗത്തെ പ്രധിരോധിക്കുന്നതിനായി തുരിശും ചുണ്ണാമ്പും കലർന്ന ലായനി (1 % ബോർഡോ മിശ്രിതം ) തെങ്ങിൻ മണ്ടയിലും ഇലകളിലുമായി തളിക്കുക. രോഗം ബാധിച്ച തെങ്ങുകളിൽ സമർത് (SAMARTH) 3 മില്ലി 1 ലിറ്റർ വെള്ളത്തിൽ എന്ന തോതിൽ കലർത്തിയ ലായനിയിൽ നിന്നും ഒരു തെങ്ങിന് 300 മില്ലി ലായനി എന്ന അളവിൽ തെങ്ങിൻ മണ്ടയിലും ഇലകളിലുമായി തളിച്ച് കൊടുക്കുക. കൂടുതൽ വിവരങ്ങൾക്ക് **9446093329, 9778764946, 8089392833** എന്നീ ഫോൺ നമ്പരുകളിൽ ബന്ധപ്പെടുക.